# 28

# മുതിർന്ന-വർക്കു വേണ്ടി ഒരു സംഭവം

## 2 ശമുവേൽ 24;
## 1 ദിനവൃത്താന്തം 21

"മുതിർന്നവർക്കു വേണ്ടി ഒരു സംഭവം" എന്നു ഈ പാഠത്തിനു പേരിട്ടിരിക്കുന്നു, എന്നാൽ ഇത് കിടക്കുന്ന സമയത്തു വായിക്കുവാൻ ഉദ്ദേശിച്ചുള്ള ഒരു കഥയല്ല. നിങ്ങൾ ഉണർന്നിരിപ്പാനാണ് ഞാൻ ആഗ്രഹിക്കുന്നത്! നമ്മുടെ സംഭവം 2 ശമുവേൽ 24-ൽ കാണാം, അതു വീണ്ടും 1 ദിനവൃത്താന്തം 21-ൽ കൂടുതൽ വിശദമാക്കുന്നുണ്ട്.

റോമർ 15:4 പറയുന്നു, "എന്നാൽ മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ബുദ്ധിയുപദേശത്തിനായിട്ടും, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നെ എഴുതിയിരിക്കുന്നു." പഴയനിയമത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ നമുക്കുള്ള നിയമങ്ങൾ അല്ല, എന്നാൽ അവയ്ക്കു വിലയുണ്ട്. (1) അവ "നമ്മുടെ ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുന്നവയാണ്." പഴയനിയമത്തിലെ അധികം ഭാഗവും വസ്തുനിഷ്ഠമായ ഉപദേശങ്ങളല്ല, പിന്നെയോ പ്രസ്താവനകളാണ് - നാം പാഠങ്ങൾ ഉൾക്കൊള്ളണമെന്ന് ദൈവം പ്രതീക്ഷിക്കുന്ന സംഭവങ്ങൾ. (2) അവ നമ്മോടു "ദീർഘക്ഷമ" അല്ലെങ്കിൽ സഹിഷ്ണുത ഉണ്ടാകുവാൻ ആവശ്യപ്പെടുന്നു. (3) അവ നമ്മെ ആശ്വസിപ്പിക്കയും "ഉത്തേജിപ്പിക്കയും" ചെയ്യുന്നു. (4) അവ നമുക്കു ആത്മാവിന്റെ താങ്ങായ, "പ്രത്യാശ" നല്കുന്നു. 2 ശമുവേൽ 24-ലെയും 1 ദിനവൃത്താന്തം 21-ലെയും പ്രസ്താവനകൾ ഉപയോഗിച്ച്, നമുക്കു ഏഴു സത്യങ്ങൾ പരിഗണിക്കാം.

### മുതിർന്ന-വർക്കും പാപം ചെയ്യാൻ കഴിയും
### (2 ശമു. 24:1-10; 1 ദിനവൃ. 21:1-8)

പല കഥകളും ആരംഭിക്കുന്നതു, "പണ്ടൊരിക്കൽ" എന്നു പറഞ്ഞുകൊണ്ടാണ്. ആ രീതി ഉപയോഗിച്ചു, നമുക്കു തുടങ്ങാം, "പണ്ടൊരിക്കൽ, ദാവീദ് രാജാവു ഒരു കണക്കെടുക്കുവാൻ തീരുമാനിച്ചു." ബൈബിൾ പറയുന്നു, "അങ്ങനെ ദാവീദ് രാജാവു തന്റെ സേനാധിപതിയായ യോവാബിനോടു, 'ദാൻ മുതൽ ബേർ-ശേബ വരെ, യിസ്രായേൽ ഗോത്രങ്ങളിലൊക്കെയും, നിങ്ങൾ സഞ്ചരിച്ചു ജനത്തെ എണ്ണി, ജനസംഖ്യ എന്നെ അറിയിപ്പിൻ' എന്നു കല്പിച്ചു" (2 ശമുവേൽ 24:2). ദാവീദിന്റെ ജീവിതത്തിന്റെയും വാഴ്ച്ചയു

ടെയും അവസാനനാളുകളിൽ നടന്നതാണ് ഈ സംഭവം. ആ വൃദ്ധനായ മനുഷ്യൻ ജനസംഖ്യ എടുക്കുവാൻ തീരുമാനിച്ചു, അതു ചെയ്തപ്പോൾ, അവൻ പാപം ചെയ്തിരുന്നു.

അവന്റെ പ്രവൃത്തി എന്തുകൊണ്ടാണ് പാപമായതു എന്നു വ്യക്തമല്ല. മറ്റു സമയങ്ങളിൽ, ദൈവം ജനസംഖ്യയെടുക്കുവാൻ പറയുന്നുണ്ട്; എന്നാൽ ഈ സമയത്തു, ഏതോ കാരണത്താൽ, ദൈവം അതു ആഗ്രഹിച്ചില്ല. യോവാബ്, ദാവീദിന്റെ സൈന്യാധിപൻ, ദാവീദ് സ്വന്ത ഇഷ്ടപ്രകാരം ഒരു യാത്ര ചെയ്യുവാൻ പോകുന്നുവെന്നു അപ്പോൾ കരുതി അതിനെ കുറിച്ചു സംസാരിക്കുവാൻ ശ്രമിച്ചു: "യജമാനനായ രാജാവിന്റെ കാലത്തു തന്നേ, നിന്റെ ദൈവമായ യഹോവ ജനത്തെ ഇപ്പോൾ ഉള്ളതിൽ നൂറിരട്ടി വർദ്ധി പ്പിക്കട്ടെ; എങ്കിലും യജമാനനായ രാജാവു ഈ കാര്യത്തിന്നു താല്പര്യപ്പെ ടുന്നതു എന്തിന്നു?" (2 ശമുവേൽ 24:3).[1] സ്പഷ്ടമായും, യുദ്ധവീരന്മാ രായ പുരുഷന്മാരെ മാത്രമായിരുന്നു എണ്ണിയത്: "യോവാബ് ജനത്തെ എണ്ണി യതിന്റെ ആകെത്തുക രാജാവിന്നു കൊടുത്തു; യിസ്രായേലിൽ ആയുധപാ ണികളായ യോദ്ധാക്കൾ എട്ടുലക്ഷവും, യെഹൂദ്യർ അഞ്ചു ലക്ഷവും ഉണ്ടാ യിരുന്നു" (2 ശമുവേൽ 24:9). മുൻകണക്കെടുപ്പിൽ നിന്നു വ്യത്യസ്തമായി, ഇതു ജനത്തെ ഒന്നിപ്പിക്കുന്നതിനോ, അല്ലെങ്കിൽ മതപരമായ ഉദ്ദേശങ്ങൾക്കോ ആയിരുന്നില്ല. അതു നിർബ്ബന്ധമായും സൈനിക ആവശ്യത്തിനായിരുന്നു.

അതെന്തുകൊണ്ടു പാപമായിരുന്നു എന്നതിന് ദാവീദ് ദൈവത്തിൽ കുറ ച്ചുമാത്രം ആശ്രയിക്കുകയും ആയുധധാരികളായ യുദ്ധവീരന്മാരിൽ കൂടുതൽ ആശ്രയിക്കുകയും ചെയ്തതാകാം എന്ന് ഊഹിക്കുന്നതാണ് ഏറ്റവും നല്ലത്. ദാവീദ് ഒരു കവിണകൊണ്ടു മാത്രം ഗൊല്യാത്തിനെ നേരിടുവാൻ പോയ പ്പോൾ, അവൻ ജഡത്തിൽ ആശ്രയിക്കാതെ ദൈവത്തിൽ മാത്രം ആശ്രയി ച്ചുകൊണ്ടാണ് പോയത്. നാനൂറു യോദ്ധാക്കളുമായി മാത്രം അവൻ അമാ ലേക്യരെ നേരിടുവാൻ പോയപ്പോൾ (ഒ.വാ. 1 ശമുവേൽ 30:10), അവനു സൈന്യത്തിന്റെ സംഖ്യ വലിയ പ്രശ്നമായിരുന്നില്ല. ദൈവസാന്നിദ്ധ്യം മാത്രം പോരാ എന്നു തോന്നിത്തുടങ്ങിയിരിക്കാം. യുദ്ധത്തിനായി എത്ര പേരെ അയ ക്കുവാൻ തനിക്കു കഴിയും എന്നു അറിയുവാൻ അവൻ ആഗ്രഹിച്ചു.

നാം ഇതുവരെ അതെന്തുകൊണ്ടു പാപമായിതീർന്നു എന്നു കൃത്യമായി അറിഞ്ഞാലും ഇല്ലെങ്കിലും, അതു പാപമാ*യിരുന്നു* എന്നു നമുക്ക് അറിയാം. 1 ദിനവൃത്താന്തം 21-ലെ ആദ്യവാക്യം ഒരു പ്രധാന വിശദീകരണം നല്കുന്നു: "*സാത്താൻ* എഴുന്നേറ്റു യിസ്രായേലിന്നെതിരായി അവരെ എണ്ണുവാൻ ദാവീ ദിന്റെ ഉള്ളിൽ തോന്നിച്ചു." (എംഫസിസ് മൈൻ.) ദൈവം അതിനെ അനുവ ദിച്ചു (2 ശമുവേൽ 24:1), പക്ഷെ സാത്താനായിരുന്നു അതിനു പ്രചോദിപ്പി ച്ചത്.[2] "ഇക്കാര്യം ദൈവത്തിനു അനിഷ്ടമായിരുന്നു" എന്നു, വാക്യം 7 പറ യുന്നു. കൂടാതെ, കണക്കെടുപ്പു മിക്കവാറും തീരാറായപ്പോൾ, ദാവീദിന്റെ മനസിൽ അതു പാപമാണെന്നു തോന്നിയിരുന്നില്ല: "എന്നാൽ ദാവീദ് ജനത്തെ എണ്ണിയശേഷം തന്റെ ഹൃദയത്തിൽ കുത്തുകൊണ്ടു. അതു കൊണ്ടു ദാവീദ് യഹോവയോടു പറഞ്ഞു, 'ഞാൻ ഈ ചെയ്തതു മഹാ പാപം ഞാൻ വലിയ ഭോഷത്വം ചെയ്തുപോയി'" (2 ശമുവേൽ 24:10).

മുതിർന്നവരും പാപം ചെയ്യും. മുതിർന്നവരും സാത്താനാൽ പരീക്ഷിക്ക പ്പെടുകയും വഞ്ചിതരാകുകയും ചെയ്യും.

നമ്മുടെ ജീവിതത്തിൽ പാപം ഇനി ഒരു പ്രശ്നമല്ലാത്ത ഒരു ഘട്ടത്തിൽ

നമുക്ക് എത്താൻ കഴിയും എന്നു ചിന്തിക്കുന്നത് നല്ല കാര്യമാണ്, നാം അപ്പോൾ ജ്ഞാനത്തിൽ പക്വത പ്രാപിക്കുന്നതിനാൽ പാപത്തെ നമുക്ക് മറക്കുവാൻ കഴിയും; പക്ഷെ ഇതു അങ്ങനെയുള്ളകാര്യമല്ല. തണുപ്പിക്കുന്ന ഒരു ചിന്ത ഇയ്യോബ് 32:9-ലുണ്ട്: "പ്രായം ചെന്നവരത്രെ ജ്ഞാനികൾ എന്നില്ല, വൃദ്ധന്മാരത്രേ [അതായത്, മുതിർന്നവർ] ന്യായബോധമുള്ളവർ എന്നുമില്ല."

ആർക്കെങ്കിലും സാത്താന്റെ സൂത്രത്തെ അതിജീവിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അതു ദാവീദിനാണെന്നു നാം ഒരുപക്ഷെ ചിന്തിച്ചേക്കാം. ദാവീദ് അപ്പോഴും "ദൈവത്തിനു ബോധിച്ച ഹൃദയമുള്ളവനായിരുന്നു." ബത്ത്ശേബയുമായും അതിനെ തുടർന്നുണ്ടായ പ്രശ്നത്തെ സംബന്ധിച്ചും കഠിനമായ അഗ്നിപരീക്ഷകളിൽ കൂടി അവൻ കടന്നുപോകയും, അവന്റെ വ്യക്തിപരമായ ധ്യാനത്തിൽ അതിൽനിന്നു ശക്തമായി പുറത്തു കടക്കുകയും ചെയ്തു. എങ്ങനെയായാലും, അവൻ, സുരക്ഷിതനായിരുന്നില്ല. ദാവീദ് അവസാനത്തോളം വിശ്വസ്തനായിരുന്നു, എന്നാൽ അവസാനംവരെ വീണുപോകുവാൻ സാധ്യതയുള്ളവനുമായിരുന്നു.

നമ്മുടെ യുവാക്കൾ വളരെ എളുപ്പത്തിൽ വീണുപോകാമെന്ന് മനസ്സിലാക്കേണ്ടതിന്, പരീക്ഷണങ്ങളെ സൂക്ഷിക്കണമെന്നും നാം അവരോടു പറയാറുണ്ട്. നാം പ്രായമാകുമ്പോഴും, സുരക്ഷിതരല്ല എന്ന കാര്യം നാം തിരിച്ചറിയണം. നാം ചെറുപ്പത്തിലായിരുന്നതിനേക്കാൾ വ്യത്യസ്തമായ രീതിയിൽ പ്രായമാകുമ്പോൾ സുരക്ഷിതത്വം നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്, എന്നാൽ അപ്പോഴും നാം സുരക്ഷിതരല്ല. ദാവീദിന് പ്രായമായിരുന്നപ്പോൾ, തന്റെ ഹൃദയത്തിലെ മോഹപ്രകാരമായിരുന്നില്ല സാത്താൻ അവനെ വീഴ്ത്തിയത്; അവന്റെ ഹൃദയത്തിൽ നിഗളം ജനിപ്പിച്ചുകൊണ്ടാണ് അവനെ വീഴ്ത്തിയത്. ദേശത്തെ സംബന്ധിച്ചു, ഫലം കൂടുതൽ ദുഃഖകരമായി തീർന്നു.

പ്രായമായവരായ നാമും പരീക്ഷണങ്ങളിൽ നിന്നു മുക്തരല്ല എന്നു തിരിച്ചറിയണം. ഒരു പ്രായമെത്തുമ്പോൾ, നാം ചില നികുതിയിൽനിന്നു ഒഴിവുള്ളവരാകും, എന്നാൽ പാപത്തിൽനിന്നു ഒഴിവുള്ളവരാകുന്നില്ല. നില്ക്കുന്നു എന്നു തോന്നുന്നവൻ ''വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ'' (1 കൊരിന്ത്യർ 10:12) എന്നത് ഇപ്പോഴും സത്യമാണ്. പിശാച് "അലറുന്ന സിംഹം എന്ന പോലെ, തിരെഞ്ഞു ചുറ്റിനടക്കുന്നു" (1 പത്രൊസ് 5:8) എന്നതു ഇപ്പോഴും വാസ്തവമാണ്. നിങ്ങൾ ഒരു പ്രായം കഴിഞ്ഞു എന്നുള്ളതുകൊണ്ടു സാത്താൻ നിങ്ങളുടെ പേരും വിലാസവും മറക്കുകയില്ല; നിങ്ങളുടെ ബലഹീനതയും അവൻ മറക്കുകയില്ല (യാക്കൊബ് 1:14). അതിലുപരി, ഇപ്പോഴും "പാപത്തിന്റെ ശമ്പളം മരണമാണ്" എന്നതും വാസ്തവമാണ് (റോമർ 6:23). ഏതാനും മാസങ്ങൾക്കുള്ളിൽ, എനിക്കു മുതിർന്ന പൗരന്റെ ആനുകൂല്യകിഴിവുകൾ ലഭിക്കുവാൻ തുടങ്ങും, പക്ഷെ പാപത്തിന്മേൽ മുതിർന്ന പൗരനുള്ള യാതൊരു ആനുകൂല്യകിഴിവുമില്ല. കൂലി എല്ലാവർക്കും ഒരുപോലെയാണ്.

## മുതിർന്ന-വർ മൃദുവായ മനസാക്ഷി നിലനിർത്തേണ്ടതു ആവശ്യമാണ് (2 ശമു. 24:10; 1 ദിനവൃ. 21:7, 8)

2 ശമുവേൽ 24-ൽ ധാരാളം മഹത്തായ വേദഭാഗങ്ങളുണ്ട്. വാക്യം 10 അവയിൽ ഒന്നാണ്. ദാവീദിനെ വീണ്ടും "ദൈവത്തിന് ബോധിച്ച ഹൃദയമുള്ളവൻ" എന്നു വിളിക്കുവാനുള്ള കാരണം എന്താണെന്ന് ആ വാക്യം കാണി

ക്കുന്നു: "ജനത്തെ എണ്ണുക കൊണ്ട് ദാവീദിന്റെ ഹൃദയം ഇപ്പോൾ കലങ്ങിയിരുന്നു. അതുകൊണ്ടു ദാവീദ് യഹോവയോടു പറഞ്ഞു, 'ഞാൻ മഹാപാപം ചെയ്തുപോയി. എന്നാൽ ഇപ്പോൾ, യഹോവേ, നിന്റെ ദാസൻ ഭോഷത്വം പ്രവർത്തിച്ചിരിക്ക കൊണ്ട്, എന്റെ പാപം എന്നിൽ നിന്ന് നീക്കേണമേ.'"

കണക്കെടുപ്പ് ഏതാണ്ട് പൂർത്തിയായി. ബെന്യാമീൻ ഗോത്രവും ലേവ്യാ ഗോത്രവും ഒഴിച്ച് മറ്റെല്ലാ ഗോത്രങ്ങളെയും എണ്ണി (1 ദിനവൃത്താന്തം 21:6). യോവാബ് വസ്തുതകളും എണ്ണവും ദാവീദിനു നൽകി. ദാവീദിന്റെ കിടക്കയ്ക്കരികിലുള്ള ഒരു മേശയിൽ, ഒൻപതു മാസത്തിൽ കൂടുതൽ എടുത്ത് ശേഖരിച്ച, ആ വിശദവിവര കണക്കുകൾ കിടക്കുന്നതായി ഒരാൾക്ക് ഊഹിക്കുവാൻ കഴിയും. ദാവീദ് അതു വായിക്കുകയും, പിന്നെ കിടക്കയിലേക്കു പോകുകയും ചെയ്തു. എങ്ങനെയായാലും, അവന് ഉറങ്ങുവാൻ കഴിഞ്ഞില്ല. അവന്റെ ഉള്ളം കലങ്ങിമറിഞ്ഞിരുന്നു. എന്തായിരുന്നു കുഴപ്പം? അവന്റെ മനസാക്ഷി അവനെ കുറ്റപ്പെടുത്തുകയായിരുന്നു. ഇല്ല, അതിനുവേണ്ട ശക്തി ഇല്ലായിരുന്നു. അവന്റെ മനസാക്ഷി അവനെ കീറി മുറിച്ചു കൊണ്ടിരുന്നു. നമ്മുടെ വേദഭാഗം പറയുന്നത് അവന്റെ ഹൃദയം "അവനെ കുഴപ്പത്തിലാക്കി" എന്നാണ്. കെജെവിയിൽ ഉള്ളത് "ദാവീദിന്റെ ഹൃദയം അവനെ *ആഘാതമേല്പിച്ചു*." (എംഫസിസ് മൈൻ.)[3]

ദാവീദ് ഒരു തികവുള്ള മനുഷ്യൻ ആയിരുന്നില്ല. അവന് നമ്മെപ്പോലെ, ബലഹീനതകൾ ഉണ്ടായിരുന്നു. അവന് അവന്റേതായ മനസാക്ഷിയും ഉണ്ടായിരുന്നു. അവൻ യഹോവയോട് അടുത്തിരുന്നതുകൊണ്ട് അവൻ എന്തെങ്കിലും തെറ്റു ചെയ്താൽ, അവന്റെ മനസാക്ഷി അവനെ വെറുതെ ഇരുത്തുമായിരുന്നില്ല.

ഓരോ മനുഷ്യനും ദൈവം നല്കുന്ന പ്രത്യേക ദാനമാണ് മനസാക്ഷി, തെറ്റും ശരിയും മനസ്സിലാക്കുവാൻ ജന്മനാ ഉള്ളതാണ് അത്, നാം തെറ്റാണെന്നു വിശ്വസിക്കുന്നതു ചെയ്യുമ്പോൾ നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ അതു മോശമാണെന്നു ബോധ്യപ്പെടുത്തുകയും, നമുക്കു *കുറ്റബോധം* ഉണ്ടാക്കുകയും ചെയ്യുന്നു.

തെറ്റിനെയും ശരിയെയും മാറ്റംവരുത്തുന്ന ആശയത്തെ കുറിച്ച് വിചാരപ്പെടാതെ, മനസാക്ഷിയെ അവഗണിക്കുവാനാണ് ഇന്നത്തെ ആളുകളോടു പറയുന്നത്. സമൂഹത്തിന്റെ നിയമാവലികൾ ലംഘിച്ചാലോ അല്ലെങ്കിൽ ദൈവത്തിന്റെ അറിയ-പ്പെടുന്ന നിയമങ്ങളെ ലംഘിച്ചാലോ വിഷമിക്കരുത് എന്നാണ് അവരോടു പറയുന്നത്. പ്രത്യേകിച്ച് കുറ്റബോധത്തിന്റെ ആശയത്തെ സംബന്ധിച്ചാണ്. "കുറ്റം തോന്നേണ്ട കാര്യമൊന്നുമില്ല," എന്നു നമ്മോടു പറഞ്ഞിരിക്കുന്നു. ഉപദേഷ്ടാക്കന്മാരോടു പറഞ്ഞിട്ടുള്ളത്, "ആളുകളെ കുറ്റം തോന്നുന്ന യാത്രയിലേക്ക് അയക്കരുത്" എന്നാണ്.

ദൈവം നമുക്ക് മനസാക്ഷികൾ നൽകിയിട്ടുള്ളതിനു ഒരു ഉദ്ദേശമുണ്ട്. നമ്മുടെ സ്വന്തം നന്മക്കാണ് അവൻ നമ്മിൽ ഓരോരുത്തരിലും മനസാക്ഷി തന്നിരിക്കുന്നത് - നാം പാപം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുവാനും, നാം പാപം ചെയ്യുമ്പോൾ, കുറ്റം തോന്നി അവന്റെ കരുണക്കും പാപമോചനത്തിനുമായി അവനിലേക്കു തിരിയുവാനുമാണ്. മനസാക്ഷി അതിന്റെ പ്രവൃത്തി ചെയ്യുവാനാണെങ്കിൽ, അതു സുബോധത്തോടെയും, മൃദുലമായും, സ്പർശിക്കത്തക്കതുമായി നിലനില്ക്കണം.

എനിക്കറിയാവുന്ന മിക്ക യുവാക്കൾക്കും അത്തരം മനസാക്ഷിയാണു

ള്ളത്. ലൗകികമായ കാഴ്ച്ചപ്പാടുണ്ടായി ദൈവത്തിന്റെയും മനുഷ്യരുടേയും നിയമങ്ങളെ ലംഘിക്കുന്നവർ പോലും, ശരിയായ സാഹചര്യം വരുമ്പോൾ, അവരുടെ അസംഖ്യം വരുന്ന പാപപ്രവൃത്തികളുടെ ചിന്തകളാൽ സ്പർശിക്കപ്പെടുന്നു. പലപ്പോഴും ക്ഷണിക്കപ്പെടുന്ന സ്ഥലത്ത് യുവാക്കൾ കണ്ണുനീരോടുകൂടി മുന്നോട്ടു വരുന്നതു ഞാൻ കണ്ടിട്ടുണ്ട്.

നാം പ്രായമാകുമ്പോൾ, ശ്രദ്ധിച്ചില്ലെങ്കിൽ, നമ്മുടെ മനസാക്ഷിയുടെ മൃദുല സ്വഭാവം നഷ്ടപ്പെടുവാൻ ഇടയുണ്ട്. നാം കൂടുതൽ സംസ്കാരമില്ലാത്തവരും, ലോക-പ്രകാരവുള്ളവരായി തീരും. നാം കൂടുതൽ യുക്തിപരമായ ചിന്തിക്കുന്നവർ ആകും. ജീവിതത്തിൽ കറുപ്പിന്റെയും വെളുപ്പിന്റെ വ്യത്യസ്ത നിറങ്ങൾ കാണുന്നതിനുപകരം, നമ്മുടെ കണ്ണുകൾ എല്ലാം ചാരനിറമായി കാണുന്നു. ചുരുക്കത്തിൽ, നമ്മുടെ മനസാക്ഷികൾ കഠിനവും വരണ്ടതുമാകുന്നു (1 തിമൊഥെയൊസ് 4:2). നിങ്ങൾക്ക് അതിൽ സംശയമുണ്ടോ? കഴിഞ്ഞ വർഷത്തിലോ മറ്റോ, അവരുടെ പാപങ്ങളെ ഏറ്റുപറഞ്ഞ്, പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു കൊണ്ടു പ്രതികരിച്ച ആളുകളെ കുറിച്ചു ചിന്തിക്കുക. മുപ്പതിനു താഴെയുള്ളവർ എത്രപേരുണ്ട്, മുപ്പതിനു മുകളിൽ എത്ര പേരുണ്ട്? നാം പ്രായമാകുമ്പോൾ നമ്മുടെ മനസാക്ഷിയിൽ ചിലതു സംഭവിക്കുവാൻ ഇടയുണ്ട്.

ദാവീദ് അങ്ങനെ ആയിരുന്നില്ല. അവന്റെ മനസാക്ഷി അപ്പോഴും മൃദുലമായിരുന്നു.

## മുതിർന്ന-വർ തങ്ങളുടെ പ്രവൃത്തികളുടെ ദൂര-വ്യാപകമായ ഫലങ്ങൾ തിരിച്ചറിയണം (2 ശമു. 24:11-15; 1 ദിനവൃ. 21:9-14)

എല്ലാ മുതിർന്ന-വരെയും ചിന്തിപ്പിക്കുന്ന ഒന്നാണ് മൂന്നാമത്തെ സത്യം. നമുക്കെല്ലാവർക്കും മറ്റുള്ളവരുടെ മേൽ സ്വാധീനം ചെലുത്തുവാൻ കഴിയും എന്ന് യേശു ഊന്നി പറഞ്ഞിരിക്കുന്നു - അത് നല്ലതിനായാലും മോശമായതിനായാലും (മത്തായി 5:13-16). ഇത് നമ്മുടെ കൗമാരക്കാരോടു നാം ഊന്നി പറയുവാൻ ശ്രമിക്കാറുണ്ട്. യുവാക്കൾ നല്ല മാതൃകയുള്ളവർ ആകണമെന്ന് പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞു (1 തിമൊഥെയൊസ് 4:12). എത്ര കൗമാര പ്രായത്തിലുള്ളവർ, “ഇതു എന്നെ മാത്രമേ ബാധിക്കുകയുള്ളൂ,” എന്ന് ചിന്തിച്ചുകൊണ്ടു ജീവിതം അവസാനിപ്പിക്കുകയും, എന്നാൽ അവരെ കുറിച്ചു വിചാരപ്പെടുന്നവരെ നിരുത്സാഹപ്പെടുത്തുകയും, മറ്റു യുവാക്കളെ പാപത്തിലേക്ക് നയിക്കുകയും ചെയ്യുന്നു? കൗമാരപ്രായത്തിലുള്ളവർ മാത്രമല്ല ഇതറിയേണ്ടത്. ആ ഇരുണ്ട സത്യത്തെ മുതിർന്നവരും തിരിച്ചറിയണം: പൊതുവായ നിയമമനുസരിച്ച്, നാം ദൈവത്തിൽ നിന്നകലുമ്പോൾ നാം ദീർഘകാലം ജീവിക്കുന്തോറും, കൂടുതൽ ആളുകളെ വേദനിപ്പിക്കുന്നു. ദാവീദിന്റെ പാപത്തെ 2 ശമുവേൽ 24:13-ലും തുടർന്നുള്ള വാക്യങ്ങളിലും തുടർച്ചയായി ചിത്രീകരിച്ചു കാണിച്ചിരിക്കുന്നതിനേക്കാൾ, ഇതിന് നല്ലൊരു ചിത്രീകരണം വേറെ ഇല്ല.

നമ്മുടെ കഥയിൽ, ദാവീദ് തന്റെ പാപം ഏറ്റു പറയുകയും ദൈവത്തോട് ക്ഷമാപണം ആവശ്യപ്പെടുകയും ചെയ്തു. അത് അത്ഭുതകരമാണ്, എന്നാൽ ദാവീദിന്റെ ജീവിതത്തെ കുറിച്ചുള്ള പഠനത്തിൽ നാം കണ്ടതുപോലെ, പാപത്തിന്റെ കുറ്റബോധം അവനിൽ നിന്ന് നീങ്ങപ്പെട്ടപ്പോഴും, അതിന്റെ അനന്തരഫലങ്ങൾ അവനെ വേട്ടയാടുന്നതായി കാണാം. “ഒരു മനുഷ്യൻ വിതെക്കു

ന്നതുതന്നെ, അവൻ കൊയ്യും" - പാപം ക്ഷമിക്കപ്പെടുന്നു എങ്കിലും.

ഞാൻ ടെക്സസ് വിടുന്നതിനു മുൻപ് ഇതിന് യോജിച്ചതായ ഒരു ചിത്രീകരണം കാണുകയുണ്ടായി. മദ്യപിച്ച് ലഹരി പിടിച്ച ഒരു കൂട്ടം ഹൈസ്ക്കൂൾ സ്റ്റുഡന്റ്സ് അവരുടെ യാത്രയിൽ അപകടത്തിൽ പെട്ടതിനെ കുറിച്ചു വാർത്ത സൃഷ്ടിച്ചിരുന്നു. അവർ ചെയ്ത കുറ്റം ഏറ്റു പറഞ്ഞശേഷവും, ശേഷിച്ചതായ ആ വർഷത്തെ ഏതാനും ആഴ്ച്ചകൾ അവർക്ക് ഒറ്റപ്പെട്ടുകൊണ്ടു പഠിക്കേണ്ടി വന്നു. അതിനെ കുറിച്ചു അവിടെ ഒരു വലിയ പരസ്യമായ എതിർപ്പുണ്ടായി: "അവർ കുറ്റം ഏറ്റു പറഞ്ഞു; അത് രേഖ സംശുദ്ധമാക്കി. പിന്നെ അതിന് ശിക്ഷക്കുവാൻ പാടില്ലായിരുന്നു!" അതേ, ആ വിദ്യാർത്ഥികൾ ഏറ്റു പറഞ്ഞു - അവരെ അതിനു അഭിനന്ദിക്കേണ്ടതുണ്ട് - എന്നാൽ പോലും വ്യക്തമായി വിശദമാക്കിയതും, അനന്തരഫലം മുൻകൂട്ടി അറിയാവുന്നതുമായ നിയമങ്ങൾ അവർ ലംഘിച്ചിരുന്നു. ഏറ്റു പറച്ചിൽ അനന്തരഫലങ്ങളെ നീക്കുന്നില്ല.

നാം ഈ സത്യം മനസ്സിലാക്കേണ്ടതുണ്ട്! ഒരു മദ്യപാനം, ഒരു വിഡ്ഢിത്തമായ പ്രവൃത്തി, മുപ്പതു മിനിറ്റ് ഒരു ഹോട്ടൽ മുറിയിൽ - ഇവയുടെ അനന്തരഫലങ്ങൾ ആയുഷ്ക്കാലം മുഴുവൻ പിന്തുടർന്നേക്കാം!

പാപം എന്നത് ഒരു സൂപ്പർ മാർക്കറ്റിലെ അലമാരയിൽ നിന്ന് മറ്റു കുപ്പികൾ വീഴാതെ ഒരു കുപ്പി എടുക്കുന്നതുപോലെയാണെന്നു പലരും കരുതുന്നു. മറിച്ച്, അസംഖ്യം സാധനങ്ങൾ ഉള്ള കുപ്പികൾ കൂട്ടി ഇട്ടിരിക്കുന്നതായി ഊഹിക്കുക. പിന്നെ അതിന്റെ അടിയിൽ നിന്ന് ഒന്ന് എടുക്കുന്നതായും മുകളിലുള്ള എല്ലാം ചിന്നിചിതറി വീഴുന്നതായും ചിന്തിക്കുക. അതുപോലെയാണ് പാപത്തിന്റെ ഫലങ്ങൾ!

നമുക്ക് നമ്മുടെ കഥയിലേക്കു തിരിച്ചുവരികയും 2 ശമുവേൽ 24-ൽ ചിത്രീകരിച്ചിരിക്കുന്ന ആ സത്യം കാണുകയും ചെയ്യാം. അർദ്ധരാത്രിയിൽ ദാവീദിന്റെ കുറ്റസമ്മതം ദൈവം കേട്ടു. അടുത്ത പ്രഭാതത്തിൽ, ദൈവം ഗാത് പ്രവാചകനെ അവന്റെ അടുക്കലേക്കു അയച്ചു (വാ. 11, 12). നാല്പതുവർഷം മുൻപ് ഗാത് ദാവീദിന്റെ അടുക്കൽ മരുഭൂമിയിൽ വന്നതും, അവന്റെ ആത്മീയ ഉപദേഷ്ടാവായതും നിങ്ങൾ ഓർമ്മിക്കുമല്ലോ (1 ശമുവേൽ 22:5). ഇപ്പോൾ അവൻ വൃദ്ധനായെങ്കിലും, രാജാവിന്റെ ദൈവീക ഉപദേഷ്ടാവായി ഗാത് തുടർന്നു വന്നു (1 ദിനവൃത്താന്തം 29:29; 2 ദിനവൃത്താന്തം 29:25).

ദൈവത്തിന്റെ നിർദ്ദേശങ്ങളുമായി ഗാത് ദാവീദിന്റെ അടുക്കൽ വന്നപ്പോൾ, അവൻ വന്നത് സ്നേഹമുള്ള ഒരു അപ്പൻ തന്റെ മകനെ അച്ചടക്കം വരുത്തുന്നതുപോലെ ആയിരുന്നു. അവൻ വന്നത് ദാവീദിനും - ദേശത്തിനും - അന്തിമ നന്മ ലഭിക്കുന്നതിനായിരുന്നു. വാസ്തവത്തിൽ, അവൻ ദാവീദിനോടു പറഞ്ഞു: "നിന്റെ മരുന്നു എടുക്കുക. നിന്റെ പാഠം പഠിക്കുക. പിന്നെ ജീവിക്കുക." നമ്മോടു ഊന്നിപ്പറഞ്ഞിരിക്കുന്നത് പോലെ, ദൈവം തന്റെ മക്കളെ അച്ചടക്കം വരുത്തുന്നു (എബ്രായർ 12:4-13).

ഈ സാഹചര്യത്തെ കുറിച്ചു അസാധാരണമായ കാര്യം എന്തെന്നാൽ ദാവീദിന് അവനെ അടിക്കുന്നതായ തിരഞ്ഞെടുപ്പിന്റെ ഒരു വടി കൊടുത്തിരുന്നു. ഗാത് ദാവീദിനോടു പറഞ്ഞു, "അതുകൊണ്ട് യഹോവ പറയുന്നു, 'ഞാൻ നിനക്ക് മൂന്നു കാര്യങ്ങൾ നൽകുന്നു; അവയിൽ ഒന്നു നീ തന്നെ തിരഞ്ഞെടുക്കുക, അതു ഞാൻ നിനക്കു ചെയ്തു തരും'" (2 ശമുവേൽ 24:12). ഒരുപക്ഷെ നിങ്ങൾ ഒരു കുട്ടി ആയിരുന്നപ്പോൾ, നിങ്ങളുടെ അദ്ധ്യാപകൻ നിങ്ങൾക്കു തിരഞ്ഞെടു

ക്കാവുന്ന അച്ചടക്ക നടപടികൾ തന്നിരിക്കാം: "സ്കൂൾ സമയശേഷം ഒരു മണി ക്കൂർ ഒരാഴ്ച്ച മുഴുവൻ അവിടെ കാത്തു നിൽക്കുക ... അല്ലെങ്കിൽ ഒരു ഡസൻ അടി വീതം വാങ്ങുക." ദാവീദിന് ഈ തിരഞ്ഞെടുപ്പുകൾ നൽകിയിരുന്നു:

> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, "മൂന്നു സംവത്സരത്തെ ക്ഷാമ മോ, നിന്റെ ശത്രുക്കളുടെ വാൾ നിന്നെ തുടർന്നെത്തി, നീ മൂന്നു മാസം നിന്റെ ശത്രുക്കളാൽ നശിക്കയോ, ദേശത്തു മൂന്നു ദിവസം യഹോവ യുടെ വാളായ മഹാമാരി ഉണ്ടായി, യിസ്രായേൽ ദേശത്തൊക്കെയും യഹോവയുടെ ദൂതൻ സംഹാരം ചെയ്കയോ, ഇവയിൽ ഒന്ന് തിരഞ്ഞെ ടുത്തു കൊൾക."... (1 ദിനവൃത്താന്തം 21:11, 12).

ആ മൂന്നു തിരഞ്ഞെടുപ്പുകളിൽ പൊതുവായ ഒന്നുണ്ടായിരുന്നു. ദാവീദിന്റെ പാപങ്ങളുടെ പ്രധാനപ്പെട്ട ഭാഗത്തു തട്ടുന്നവയായിരുന്നു അവയെല്ലാം. അവ യെല്ലാം യുദ്ധത്തിനു പ്രായമായവരുടെ എണ്ണം കുറയ്ക്കുന്നതായിരുന്നു.

"പിന്നെ ദാവീദ് ഗാതിനോടു പറഞ്ഞു, 'ഞാൻ വലിയ വിഷമത്തിൽ ആയി രിക്കുന്നു'" (2 ശമുവേൽ 24:14). ദാവീദിന്റെ പാപം നിമിത്തം, ധാരാളം ആളു കൾ മരിക്കുവാൻ പോകുന്നു! അത് വിഴുങ്ങുവാൻ പറ്റാത്ത കയ്പ്പുള്ള ഗുളി കയായിരുന്നു.

ദാവീദ് സാംക്രമിക രോഗത്തെ തിരഞ്ഞെടുത്തു. അവനത് തിരഞ്ഞെടു ക്കുവാനുള്ള കാരണം അവനും അവശേഷിക്കുന്ന ജനത യോടു തുല്യമായി അപകടത്തോടു സുരക്ഷിതത്വമില്ലാതെ ആകേണ്ടതിനു ഇതായിരുന്നു ഏക വഴി. അവന്റെ ആ തിരഞ്ഞെടുപ്പിന് ബൈബിൾ കാരണം നൽകുന്നു: "നാം യഹോവയുടെ കയ്യിൽ തന്നെ വീഴുക അവന്റെ കരുണ വലിയതല്ലോ, മനുഷ്യന്റെ കയ്യിൽ ഞാൻ വീഴരുതേ" (2 ശമുവേൽ 24:14). മനുഷ്യരുടെ കയ്യിലോ അല്ലെങ്കിൽ ദൈവത്തിന്റെ കയ്യിലോ ഏതിലാണു നിങ്ങൾ വീഴേ ണ്ടതെന്ന തിരഞ്ഞെടുപ്പു വരുമ്പോൾ, എപ്പോഴും ദൈവത്തെ തിരഞ്ഞെടു ക്കുക. ദൈവം ന്യായമുള്ളവനാണ്; ദൈവം ചെയ്യുന്നത് നമ്മുടെ നന്മക്കു വേണ്ടിയാണ്; പിന്നെ, അതു കഴിഞ്ഞശേഷം, ദൈവം ക്ഷമിക്കുന്നു. നേരെ മറിച്ച്, മനുഷ്യനു ക്രൂരമാകാൻ കഴിയും. മനുഷ്യർ തങ്ങൾക്കിഷ്ടമുള്ളതു ചെയ്യുന്നു – അവർക്കു എന്നേക്കും പക വെച്ചുകൊണ്ടിരിക്കുവാൻ കഴിയും.

"അങ്ങനെ യഹോവ യിസ്രായേലിൽ രാവിലേ തുടങ്ങി നിശ്ചയിച്ച അവ ധിവരെ മഹാമാരി അയച്ചു; ദാൻ മുതൽ ബേർശേബവരെ ജനത്തിൽ എഴുപ തിനായിരം പേർ മരിച്ചുപോയി" (2 ശമുവേൽ 24:15). "ദാൻ മുതൽ ബേർശേ ബവരെ" യാണ് കണക്കെടുപ്പു നടത്തിയത് (2 ശമുവേൽ 24:2). വളരെ പേരെ അത്ര പെട്ടെന്നു കൊല്ലുവാൻ എന്തു വ്യാധിയാണ് അയച്ചത് എന്ന് എനിക്കു ഊഹിക്കാൻ കഴിയുന്നില്ല, എന്നാൽ പെട്ടെന്നുള്ള മരണം ദേശ വ്യാപകമായി തീർന്നു. വിവരങ്ങൾ വന്നപ്പോൾ ദാവീദിന്റെ ഉള്ളിൽ ഉണ്ടായ വേദനയെ നിങ്ങൾക്കു ഊഹിക്കാൻ കഴിയുന്നില്ലേ? "എഴുപതിനായിരം പേർ ... മരിച്ചു" – സ്ത്രീകൾ ഇല്ല, പുരുഷന്മാർ മാത്രം. അവർ ഒരുപക്ഷെ യുദ്ധത്തിനു പ്രായ മായവരായിരിക്കാം, ആ മനുഷ്യരിൽ ആയിരിക്കാം ദാവീദ് അഭിമാനം കൊണ്ടി രുന്നത്.

ഒരു മനുഷ്യന്റെ പാപത്തിന്റെ ദൂര-വ്യാപകമായ ഫലത്തെ കുറിച്ചു മന സ്സിനെ ഭയപ്പെടുത്തുന്ന ചിത്രീകരണമാണ് ഇത്.

അതെ, മുതിർന്നവർ പാപം ചെയ്തേക്കാം. ചിലർ മദ്ധ്യവയസ്കരുടെ ചിന്താഗതിയുള്ളവർ ആകും. ചിലർ ഉത്തരവാദിത്വമില്ലാത്ത ബാല്യത്തിലേക്ക് മനഃപ്പൂർവ്വം പോകുന്നതായി കാണാം. നാം ഉത്തരവാദിത്വമില്ലാതെ പ്രവർത്തിക്കുമ്പോൾ അതിനാൽ ബാധിക്കുന്ന ജീവിതങ്ങളെ കാണുവാൻ ദൈവം നമ്മെ സഹായിക്കുന്നു. എഴുപതിനായിരം പേർ മരിക്കുമായിരുന്നില്ല, എന്നാൽ നമുക്കു സ്നേഹത്തെ ഇല്ലാതാക്കാനും, ഹൃദയങ്ങളെ വേദനിപ്പിക്കുവാനും, വിശ്വാസത്തെ നശിപ്പിക്കുവാനും, വിശ്വസ്തരെ തെറ്റുകൾ പറഞ്ഞ് വിശ്വസിപ്പിക്കുവാനും, മറ്റുള്ളവരെ ദൈവത്തിൽ നിന്നകറ്റി നഷ്ടപ്പെട്ടവരാക്കുവാൻ പോലും കഴിയും.

മുതിർന്നവർ തങ്ങളുടെ ഓരോ പ്രവൃത്തികളുടെയും ദൂര-വ്യാപകമായ ഫലങ്ങളെ തിരിച്ചറിയണം.

### മുതിർന്ന-വർ തങ്ങളുടെ പ്രവൃത്തികളുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കണം (2 ശമു. 24:16, 17; 1 ദിനവൃ. 21:15-17)

അപക്വരായ ആളുകൾ അവർക്കു സംഭവിക്കുന്നത് മറ്റുള്ളവരുടെ കുറ്റം കൊണ്ടാണെന്നു വരുത്തി തീർക്കുവാൻ ആഗ്രഹിക്കും: “ചിലർ എന്നെ തരം താഴ്ത്തി. ചിലർ എന്നെ തോൽപ്പിച്ചു. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ, അല്ലെങ്കിൽ ഇങ്ങനെയായിരുന്നുവെങ്കിൽ, ഞാൻ ഈ അവസ്ഥയിൽ ആകുമായിരുന്നില്ല.” നേരെ മറിച്ചു, പക്വതയുള്ളവർ -യഥാർത്ഥത്തിൽ മുതിർന്നവർ - വിലയിരുത്താതെ തന്നെ, “അത് എന്റെ തെറ്റായിരുന്നു,” എന്നു പറയും.

നമ്മുടെ കഥയിലേക്കു നമുക്കു തിരിച്ചുപോകാം.

> എന്നാൽ ദൈവദൂതൻ യെരുശലേമിനെ ബാധിപ്പാൻ അതിന്മേൽ കൈ നീട്ടിയപ്പോൾ, യഹോവ അനർത്ഥത്തെ കുറിച്ചു അനുതപിച്ചു, ജനത്തിൽ നാശം ചെയ്യുന്ന ദൂതനോടു കല്പിച്ചു, “മതി! നിന്റെ കൈ പിൻവലിക്ക!” അന്നേരം യഹോവയുടെ ദൂതൻ യെബൂസ്യൻ അരവ്നയുടെ മെതിക്കളത്തിന്നരികെ ആയിരുന്നു (2 ശമുവേൽ 24:16).

മൂലഗ്രന്ഥത്തിൽ ശിക്ഷയെ കുറിച്ചു “കർത്താവു അനുതപിച്ചു” എന്നാണ് കൊടുത്തിരിക്കുന്നത്. “അനുതാപം” എന്നതിനർത്ഥം “മനസ്സിന്റെ മാറ്റം” എന്നാണ്. ദൈവത്തിന്റെ “മാനസാന്തരം” (മനസ്സിന്റെ മാറ്റം) മനുഷ്യന്റെ മാനസാന്തരത്തെ ആസ്പദമാക്കിയാണ് ഇരിക്കുന്നത്. 1 ദിനവൃത്താന്തം 21:16 ശ്രദ്ധിക്കുക: ദാവീദും മൂപ്പന്മാരായ ആളുകളും “ചണ വസ്ത്രത്താൽ മൂടപ്പെട്ടു,” എന്നത് മാനസാന്തരത്തെ സൂചിപ്പിക്കുന്നു.

“ജനത്തെ ബാധിക്കുന്ന ദൂതനെ ദാവീദ് കണ്ടിട്ടു യഹോവയോടു പറഞ്ഞു” (2 ശമുവേൽ 24:17). ഒന്നു ദിനവൃത്താന്തം 21:16 പറയുന്നതു ദാവീദ് “യഹോവയുടെ ദൂതൻ തന്റെ വാൾ യെരുശലേമിനു മീതെ സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിൽ, ഓങ്ങി നിൽക്കുന്നത് കണ്ടു.” ദാവീദു പറഞ്ഞു, “ഇതാ, ഞാനല്ലോ പാപം ചെയ്തതു, ഞാനല്ലോ കുറ്റം ചെയ്തതു; ഈ ആടുകൾ, എന്തു ചെയ്തു? നിന്റെ കൈ എനിക്കും എന്റെ പിതൃഭവനത്തിനും വിരോധമായിരിക്കട്ടെ” (2 ശമുവേൽ 24:17). ഈ വലിയ ഏറ്റു പറച്ചിൽ വാക്യം 10-നോടു യോജിക്കുന്നു. ദാവീദു പറഞ്ഞു, “ഞാനല്ലോ കുറ്റം ചെയ്തത്.” “ആടുകൾ” എന്നു പറഞ്ഞിരിക്കുന്നതു ദാവീദിന്റെ പ്രജകളെ കുറിച്ചാണ്, അവരോടാണു

അവനു ഉത്തരവാദിത്വമുണ്ടായിരുന്നത്. അത് അർത്ഥമാക്കുന്നത് ആളുകൾ പൂർണ്ണരായിരുന്നു എന്നല്ല. 2 ശമുവേൽ 24:1–ലേക്കു തിരിഞ്ഞുനോക്കുക. ജനങ്ങൾ ദൈവത്തെ കോപിപ്പിച്ചു.[4] ആ സന്ദർഭത്തിൽ, ബാധ ദാവീദിനെ മാത്രമല്ല, ദേശത്തെ മുഴുവനും ശിക്ഷിച്ചു. സാംക്രമികരോഗം ഉണ്ടാക്കിയ പ്രത്യേക പാപത്തിനു ആളുകൾ ഉത്തരവാദികളല്ല എന്നു മാത്രമാണ് ദാവീദ് അർത്ഥമാക്കിയത്.

അന്നത്തെ കാലത്ത്, ഇപ്പോഴത്തെ പോലെ, അദ്ധ്യക്ഷന്മാർ "കുറ്റം ചുമത്തപ്പെടുന്ന ആളുകളാൽ" ചുറ്റപ്പെട്ടിരുന്നു, അദ്ധ്യക്ഷനെ സംരക്ഷിക്കുവാൻ തയ്യാറായ ആളുകൾ ആയിരുന്നു അവർ. എങ്ങനെയായാലും, ദാവീദ്, യാതൊരു രാജകീയ അവകാശവും ഉപയോഗിച്ചില്ല. അവൻ കുറ്റം ആരുടെ മേലും ചുമത്തിയതുമില്ല. അവൻ ആളുകളെ കുറ്റപ്പെടുത്തിയില്ല. തന്റെ ഉപദേശകന്മാരെയും അവൻ കുറ്റപ്പെടുത്തിയില്ല. അവൻ സാത്താനെ കുറ്റപ്പെടുത്തിയില്ല ("പിശാച് എന്നെ കൊണ്ടു അതു ചെയ്യിച്ചു"). അവൻ ദൈവത്തെം പഴിച്ചില്ല ("ഒടുവിൽ, നീ എന്നെ പരീക്ഷിക്കുവാൻ സാത്താനെ *അനുവദിച്ചുവല്ലോ*"). വാക്യം 10–ൽ അവൻ ചെയ്തതുപോലെ, അവൻ വീണ്ടും വെറുതെ പറഞ്ഞു, "ഞാൻ ... പാപം ചെയ്തു."

ഇതിനെക്കാൾ കഠിനമായ മറ്റൊന്നും ഇല്ല. ഇങ്ങനെ പറയുന്നത് പ്രയാസമുള്ളതാണ്, "*ഞാൻ* അതു ചെയ്തു. എനിക്കു വേണ്ടത്ര അറിവും പ്രായവും ഉണ്ട്. ഞാൻ ദൈവത്തിന്റെ വചനം പഠിച്ചതാണ്. ശരിയും തെറ്റും എനിക്കറിയാമായിരുന്നു. എനിക്ക് എന്നെയല്ലാതെ മറ്റാരെയും കുറ്റപ്പെടുത്തുവാൻ കഴിയുകയില്ല. ഞാൻ പാപം ചെയ്തുപോയി മഹാപാപം തന്നെ. ഞാൻ ഭോഷത്വം പ്രവർത്തിച്ചു." തങ്ങളുടെ പ്രവർത്തികളുടെ ഉത്തരവാദിത്വം മുഴുവൻ ഏറ്റെടുക്കുവാൻ തക്ക മുതിർന്നവരെ നമുക്ക് എത്ര ആവശ്യമാണ്!

### യഥാർത്ഥ മുതിർന്ന-വർ പരാജയപ്പെടുമ്പോൾ അവർ വിട്ടുകളയുകയില്ല
### (2 ശമു. 24:18, 19; 1 ദിനവൃ. 21:18, 19)

മുൻപു പറഞ്ഞ നാലു സത്യങ്ങളുമായി യോജിക്കുന്നതാണ് അഞ്ചാമത്തേത്: മുതിർന്നവർ പരാജയപ്പെടുമ്പോൾ വിട്ടുകളയാറില്ല.

ഒരു നിമിഷം, നിങ്ങളെ ആ പഴയ രാജാവിന്റെ സ്ഥാനത്തു സങ്കല്പിച്ചുകൊണ്ട് നിങ്ങൾക്ക് എങ്ങനെ തോന്നി എന്ന് സ്വയം ചോദിക്കുക. നിങ്ങൾ ഒരായുഷ്ക്കാലം മുഴുവൻ ദൈവത്തെ സേവിക്കുവാൻ ചിലവിട്ടു. നിങ്ങൾ ഒരു സമയത്ത് പാപം ചെയ്തു അതിൽ ആഴ്ന്നു പോയിട്ടുണ്ട്, എന്നാൽ ആ സമയം മുതൽ, നിങ്ങൾ ദൈവം ആഗ്രഹിക്കുന്ന നിലയിലേക്ക് ഉയരുവാൻ ശ്രമിക്കുകയായിരുന്നു. ഇപ്പോൾ നിങ്ങൾ മറ്റൊരു വലിയ പാപം ചെയ്തു. അതിന്റെ ഫലമായി, നിങ്ങളുടെ പ്രജകളിൽ എഴുപതിനായിരം പേർ മരിച്ചുപോയി. അമ്മമാരും, അപ്പന്മാരും, ഭാര്യമാരും, മക്കളും വിലപിച്ചിരുന്നു. എഴുപതിനായിരം പേർക്കുള്ള ശവക്കുഴികൾ കുഴിച്ചിട്ടു. ഒരുദേശം മുഴുവൻ വിലപിക്കുകയായിരുന്നു. നിങ്ങൾ വിട്ടുകളയുവാൻ തയ്യാറാകും എന്നു നിങ്ങ ൾക്കു തോന്നുന്നുണ്ടോ? നിങ്ങൾ ഇങ്ങനെയാണോ ചിന്തിക്കുന്നത്, "എന്താണു പ്രയോജനം? എന്നെക്കൊണ്ടു ഒരുഗുണവുമില്ല. ഞാൻ നിരന്തരമായി പാപം ചെയ്തു പോകുന്നു. ഒരു പക്ഷെ വിട്ടു കളയുന്നതാണ് നല്ലത്!"

അതാണ് അപക്വരായവർ ചെയ്യുന്നത്. അവർ പരാജയപ്പെടുമ്പോൾ, അവർ വിട്ടുകളയും.

പക്വതയുള്ളവർ വ്യത്യസ്തരാണ്. യഥാർത്ഥത്തിൽ മുതിർന്നവർ വിട്ടു കളയുകയില്ല. ദാവീദിനെ ശ്രദ്ധിക്കുക; അവൻ ദൈവ മുൻപാകെ, തന്റെ ജനത്തിനുവേണ്ടി അപേക്ഷിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അപ്പോൾ ഗാദ് ദാവീദിന്റെ അടുക്കൽ വീണ്ടും വന്നു പറയുന്നു, "നീ ചെന്നു, യെബൂസ്യനായ അരവ്നയുടെ കളത്തിൽ യഹോവക്ക് ഒരു യാഗപീഠം ഉണ്ടാക്കുക" (2 ശമുവേൽ 24:18). ദാവീദ് പ്രതികരിച്ചതു ഇങ്ങനെയാണോ, "എന്താണ് ഉപയോഗം? ഞാൻ വീണ്ടും പാപം ചെയ്യുമെന്ന് എനിക്ക് അറിയാമെന്നുള്ളപ്പോൾ എന്തിനു അതു ശരിയാക്കണം?" ഇല്ല. മറിച്ച്, അവൻ "യഹോവയുടെ കല്പനപ്രകാരം, ഗാദ് പറഞ്ഞതുപോലെ അവിടേക്കു പോയി" (2 ശമുവേൽ 24:19). ദൈവത്തിന്റെ കരുണ വീണ്ടും അവനു നീട്ടിക്കിട്ടുകയും – ദാവീദ് അനുസരിക്കുകയും ചെയ്തു! ദാവീദ് പരാജയപ്പെട്ടപ്പോഴും, അവന്റെ ജീവിതം ദൈവ വഴിയിലും ദൈവേഷ്ടത്തിലും നിലനിർത്തുവാൻ അവൻ തീരുമാനിച്ചിരുന്നു.

### മുതിർന്ന-വർ അപ്പോഴും ദൈവത്തെ അനുസരിക്കേണ്ടതുണ്ട്
### (2 ശമു. 24:20-25; 1 ദിനവൃ. 21:20-26)

അത് നമ്മെ ഈ സത്യത്തിലേക്കു കൊണ്ടുവരുന്നു: മുതിർന്നവർ അപ്പോഴും ദൈവത്തെ അനുസരിക്കേണ്ടതുണ്ട്.

അധികാരത്തെ ബഹുമാനിക്കുന്നതിൽ അലംഭാവമുള്ള ഒരു കാലഘട്ടത്തിലാണ് പൊതുവിൽ നാം ജീവിക്കുന്നത്. നമ്മിൽ മിക്കപേരും ആ പ്രസ്താവന ശരിയാണെന്നു സമ്മതിക്കും. എങ്ങനെയായാലും, അധികാരത്തെ ബഹുമാനിക്കേണ്ട ആവശ്യത്തെ കുറിച്ച് നാം സംസാരിക്കുമ്പോൾ, നാം പൊതുവായി നമ്മുടെ കൗമാരക്കാരെയാണ് കുറ്റപ്പെടുത്തി പറയുന്നത്, എന്നത് കൗതുകമുള്ള കാര്യമാണ്: "നീ അപ്പന്റെയും അമ്മയുടെയും അധികാരത്തെ ബഹുമാനിക്കണം. നിന്റെ അദ്ധ്യാപകരുടെ അധികാരത്തെ ബഹുമാനിക്കണം. നിയമാധികാരത്തെ നീ ബഹുമാനിക്കണം." ആ പ്രസ്താവനകളെല്ലാം വാസ്തവമാണ്, എന്നാൽ ഇതു പരിഗണിക്കുക: അധികാരത്തെ ബഹുമാനിക്കുന്നതിൽ അലംഭാവം കാണിക്കുന്നവർ അധികവും കൗമാരപ്രായക്കാരല്ല, മറിച്ച് മുതിർന്നവരാണ് – ദൈവത്തിന്റെ അധികാരത്തെ ബഹുമാനിക്കാതിരിക്കലാണ് അതിന്റെയെല്ലാം ഉറവിടമായിട്ടുള്ളത്.

തങ്ങളുടെ ജീവിതത്തിന് ഉദ്ദേശ്യവും മാന്യതയും കൈവരുന്നത് ദൈവ മുൻപാകെ അവർ താഴുമ്പോഴും അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടുമ്പോഴുമാണെന്ന് വാസ്തവത്തിലുള്ള മുതിർന്നവർ മനസ്സിലാക്കിയിട്ടുണ്ട്.

യെബൂസ്യനായ അരവ്നയുടെ മെതിക്കളത്തിൽ യാഗം കഴിപ്പാൻ ദൈവം ദാവീദിനോടു പറഞ്ഞു. അവിടെവെച്ചാണ് സംഹാര ദൂതനെ ദൈവം അരുതെന്നു കല്പിച്ചത്. പൊടിയും പതിരും പറന്ന് പോകത്തക്ക കാറ്റ് ലഭിക്കേണ്ടതിന് മെതിക്കളം സാധാരണ ഉയർന്ന സ്ഥലങ്ങളിലാണ് ഉള്ളത്. ഈ പ്രത്യേക മെതിക്കളം യെരുശലേമിനു വടക്കുള്ള, മോറിയാ മലയിൽ ആയിരുന്നു സ്ഥിതിചെയ്തിരുന്നത് (അത് ഇതുവരെ നഗരത്തിൽ ശരിയായി ഉൾപ്പെടുത്തിയിരുന്നില്ല). അവിടെ വെച്ചായിരുന്നു അബ്രഹാം തന്റെ മകനായ യിസഹാക്കിനെ യാഗം കഴിപ്പാൻ ഒരുങ്ങിയത്. അവിടെ ആയിരുന്നു ശലോമോൻ ദൈവാലയം പണിതത്.

അരവ്ന ആരായിരുന്നു എന്നു നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷെ, അവൻ യെബൂസ്യ മുഖ്യൻ അല്ലെങ്കിൽ ഗോത്ര തലവൻ ആയിരുന്നേക്കാം

(2 ശമുവേൽ 24:23) എന്നാൽ അവൻ പരിവർത്തനം ചെയ്തിരുന്നു. എങ്ങ നെയായാലും, അവനെ കനാൻ ദേശത്തു പാർക്കുവാനും ചില സമ്പാദ്യങ്ങൾ നിലനിർത്തുവാനും അനുവദിച്ചിരുന്നു.

ദൈവം ദാവീദിനോടു ആ യാഗം കഴിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ, അവന് മടി ഇല്ലായിരുന്നു. അവൻ ഉടനെ തന്നെ നിശ്ചയിച്ച സ്ഥലത്തേക്ക് യാത്ര തിരിച്ചു. അതാണ് വാസ്തവത്തിലുള്ള അനുസരണം.

ഒന്ന് ദിനവൃത്താന്തം 21:20 പറയുന്നതു ദാവീദു വന്നപ്പോൾ അരവ്ന (ഒർന്നാൻ) "കോതമ്പു മെതിക്കയായിരുന്നു" എന്നാണ്.

> അരവ്നാ നോക്കി രാജാവും അവന്റെ ഭൃത്യന്മാരും തന്റെ അടുക്കൽ വരുന്നതു കണ്ടാറെ; അരവ്നാ പുറപ്പെട്ടുചെന്നു രാജാവിന്റെ മുൻപിൽ സാഷ്ടാംഗം വീണു നമസ്ക്കരിച്ചു. അപ്പോൾ അരവ്നാ ചോദിച്ചു, "യജ മാനനായ രാജാവു അടിയന്റെ അടുക്കൽ വരുന്നത് എന്ത്?" ദാവീദ് മറു പടി പറഞ്ഞു, "ബാധ ജനത്തെ വിട്ടുമാറുവാൻ തക്കവണ്ണം, യഹോവെക്കു ഒരു യാഗപീഠം പണിയേണ്ടതിന്നു, ഈ കളം നിന്നോടു വിലെക്കു വാങ്ങു വാൻ തന്നേ." അരവ്നാ ദാവീദിനോടു, "യജമാനനായ രാജാവിന്നു ബോധിച്ചത് എടുത്തു യാഗം കഴിച്ചാലും. ഹോമയാഗത്തിന്നു കാളകളും, വിറകിന്നു മെതിവണ്ടികളും കാളക്കോപ്പുകളും, ഇതാ. രാജാവേ, ഇതൊ ക്കെയും, അരവ്നാ രാജാവിന്നു തരുന്നു എന്നു പറഞ്ഞു" (2 ശമുവേൽ 24:20–23).

അരവ്നക്കു ഇത് ആവേശമുള്ള ഒരു സമയമായിരുന്നിരിക്കാം. ഇതിനു സമാന്തരമായ ഒരു കാര്യത്തെ ഞാൻ ചിന്തിക്കുവാൻ ശ്രമിക്കുന്നു. അർദ്ധരാത്രി യിൽ എന്റെ വാതിൽക്കൽ ഒരു മുട്ടു കേൾക്കുന്നതിനെ കുറിച്ചാണ് ഞാൻ ആദ്യം ചിന്തിച്ചത്. ഉദ്യോഗസ്ഥന്മാർ എന്നു തോന്നിക്കുന്ന അരഡസൻ ആളു കൾ വാതിൽക്കൽ നിൽക്കുന്നു, വഴിയിൽ ഒരു കാർ നിർത്തിയിരിക്കുന്നു, കാറിന്റെ എഞ്ചിനിൽ നിന്നും പുകയും പൊങ്ങുന്നു. കാറിൽ സുപരിചിതൻ എന്നു തോന്നുന്ന ഒരാളുണ്ടായിരുന്നു. പുരുഷന്മാരിൽ ഒരാൾ പറയുന്നു, "അമേ രിക്കൻ പ്രസിഡന്റ് ഒരു രഹസ്യമായ ഇടപാടുമായി ബന്ധപ്പെട്ട് ഈ പ്രദേ ശത്ത് വരികയും, അദ്ദേഹത്തിന്റെ കാർ കേടാവുകയും ചെയ്തു. അദ്ദേഹ ത്തിന്റെ യാത്രാ സൗകര്യത്തിനായി ഉടനെ എന്തെങ്കിലും ചെയ്യണം." രണ്ടു മൂന്നു പ്രാവശ്യം ഞാൻ ഉമിനീർ ഇറക്കി, പിന്നെ പറയുന്നു, "ഇതാ എന്റെ താക്കോൽ ... എന്റെ ക്രെഡിറ്റ് കാർഡും ഉണ്ട്!"

പിന്നെ ഞാൻ രണ്ടാമതൊന്നു ചിന്തിച്ചു. പ്രസിഡന്റിനെ രാജാവിനു തുല്യമായി യഥാർത്ഥത്തിൽ കാണുവാൻ കഴിയുകയില്ല. അമേരിക്കയിൽ, ഞങ്ങൾക്കു വിനോദം നൽകുന്ന പ്രസിദ്ധരായവരും സ്പോർട്സ് താരങ്ങളും ആണ് "രാജകീയ പദവി" യിലുള്ളവർ. നിങ്ങളുടേതായ ചിത്രീകരണം നൽകുക. നിങ്ങൾ ഏറ്റവും ആരാധിക്കുന്ന ഒരാൾ നിങ്ങളോടു ഒരു കാര്യം ആവശ്യപ്പെട്ടാൽ, നിങ്ങളുടെ പ്രതികരണം എന്തായിരിക്കുമെന്നു ഊഹിച്ചു നോക്കുക!

അരവ്നാ ദാവീദിനോടു പറഞ്ഞു, "നിനക്ക് കാണുന്നതെല്ലാം എടുത്ത് കൊൾക.[5] മെതിവണ്ടി വലിച്ചുകൊണ്ടിരിക്കുകയായിരുന്ന കാളകളെ, നിനക്ക്

യാഗത്തിനായി എടുക്കാം. മെതിവണ്ടിയും[6] കാളയുടെ നുകവും, വിറകി നായി നിനക്ക് ഉപയോഗിക്കാം."

> എങ്ങനെയായാലും, രാജാവ് അരവ്നയോട് പറഞ്ഞു, "അങ്ങനെയല്ല, ഞാൻ അതു നിന്നോടു വിലെക്കേ വാങ്ങുകയുള്ളൂ, എനിക്ക് ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവെക്കു ഹോമയാഗം കഴിക്കയില്ല." അങ്ങനെ ദാവീദ് കളത്തെയും കാളകളെയും അമ്പതു ശേക്കൽ വെള്ളിക്കു വാങ്ങി (2 ശമുവേൽ 24:24).

ഈ വേദഭാഗത്തെ നിങ്ങൾ അടയാളപ്പെടുത്തിയിട്ടില്ലെങ്കിൽ, ഇപ്പോൾ അത് അടയാളപ്പെടുത്താം. അരവ്നയുടെ നൽകൽ ഔദാര്യപൂർവ്വമായിരുന്നു, എന്നാൽ ദാവീദിന് എന്താണ് യാഗമെന്ന് അറിയാമായിരുന്നു. അരവ്ന എല്ലാം ഒരുക്കിയെങ്കിൽ, അത് അരവ്നയുടെ യാഗമായി തീരുമായിരുന്നു, അല്ലാതെ ദാവീദിന്റേത് ആകുമായിരുന്നില്ല! ദാവീദിന്റെ പ്രസ്താവന വാസ്തവത്തിൽ മുതിർന്ന ഒരാളുടേതായിരുന്നു. വിലയില്ലാത്ത മതത്തെ ഒന്നിനും കൊള്ളുക യില്ല. മുതിർന്നവർ സൗജന്യമായി യാത്ര ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല; അയാ ളുടെ ജോലിയുടെ ഭാഗം അയാൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു.

ദൈവത്തിന് യാഗം അർപ്പിക്കുന്നതിനെ സംബന്ധിച്ചു മൂന്നു മനോഭാവ ങ്ങൾ ഈ ലോകത്തിലുണ്ട്: സാധാരണയായ ഒരാൾ പറയുന്നു, "ഞാൻ ... എന്റെ യഹോവയായ ദൈവത്തിന് ഒന്നും നൽകുകയില്ല." പക്വതയില്ലാത്ത വ്യക്തി പറയും, "എനിക്ക് വിലയുള്ളത് ... ഞാൻ യഹോവക്ക് നൽകുകയില്ല." പക്വതയുള്ള ആൾ പറയും, "എനിക്ക് വിലയില്ലാത്തതൊന്നും ... ഞാൻ ദൈവ മായ കർത്താവിനു നൽകുകയില്ല."

യഥാർത്ഥത്തിൽ മുതിർന്നവർക്ക് എന്താണ് വാസ്തവത്തിലുള്ള അനു സരണം എന്ന് അറിയാം. ദൈവത്തെ അനുസരിക്കുന്നതിന് സമയവും, ഊർജ്ജവും, അദ്ധ്വാനവും ആവശ്യമാണെന്ന് അവർക്കറിയാം. ദൈവത്തെ അനുസരിക്കുവാൻ അസൗകര്യം നേരിടേണ്ടിവരും എന്നവർക്കറിയാം. ദൈവത്തെ അനുസരിക്കുവാൻ അവരുടെ പദ്ധതി മാറ്റേണ്ടിവരുമെന്ന് അവർക്ക റിയാം. കൂടാതെ, വർഷങ്ങൾ കഴിയുന്തോറും എങ്ങനെയായാലും, ദൈവത്തെ അനുസരിക്കുന്നതിന്റെ ആവശ്യം കുറയുന്നില്ല, മറിച്ച്, അവ വർദ്ധിക്കുകയാണ് ചെയ്യുന്നതെന്ന് അവർക്കറിയാം. അവർക്ക് ലോകപ്രകാരമുള്ള ജോലിയിൽ നിന്ന് വിരമിക്കുവാൻ കഴിയും, എന്നാൽ അവർക്ക് ദൈവവേലയിൽ നിന്ന് വിരമിക്കുവാൻ സാധ്യമല്ല എന്നവർക്കറിയാം!

ദൈവത്തെ അനുസരിക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് വാസ്തവ ത്തിൽ മുതിർന്നവർക്ക് അറിയാം.

### മുതിർന്ന-വർക്ക് ആരാധനയെ മനസ്സിലാക്കുവാനും മുറുകെ പിടിക്കുവാനും കഴിയും (2 ശമു. 24:25; 1 ദിന വൃ. 21:26-29)

ആരാധന എന്നാൽ എന്താണെന്ന് മുതിർന്നവർക്ക് മനസ്സിലാക്കുവാനും - വർഷങ്ങൾ കഴിയുന്തോറും അതിൽ അവർക്ക് മുഴുകുവാനും കഴിയും.

രണ്ട് ശമുവേൽ 24:25 ദൈവമുൻപാകെയുള്ള ആ പഴയ രാജാവിന്റെ ഒരു മനോഹരമായ ചിത്രം വരച്ചിരിക്കുന്നു: "അനന്തരം ദാവീദ് അവിടെ യഹോ

വെക്ക് ഒരു യാഗപീഠം പണിയുകയും, സമാധാന യാഗം അർപ്പിക്കുകയും ചെയ്തു. ദേശത്തിന്റെ പ്രാർത്ഥനയിൽ യഹോവ സംപ്രീതനാവുകയും, യിസ്രായേലിലെ ബാധ നിർത്തുകയും ചെയ്തു." ദാവീദ് ആദ്യം ബാധ നിർത്തേണ്ടതിന്, പാപത്തിനുള്ള ഹോമയാഗം അർപ്പിച്ചു. പിന്നെ അവൻ സമാധാന (അല്ലെങ്കിൽ കൂട്ടായ്മ) യാഗം ദൈവത്തിനു അർപ്പിച്ചു പറഞ്ഞു, "നിനക്ക് സ്തുതി."

ഒന്ന് ദിനവൃത്താന്തം 21-ഉം തുടർന്നുവരുന്ന അദ്ധ്യായങ്ങളും കഥയുടെതുടർച്ച നൽകുന്നു: ദൈവത്തിൽ നിന്ന് തീ ഇറങ്ങി യാഗം ദഹിപ്പിച്ചു; സംഹാരദൂതൻ തന്റെ വാൾ ഉറയിലേക്ക് മടക്കിയിട്ടു; ആ പ്രദേശമായിരുന്നു ദൈവാലയത്തിന് തിരഞ്ഞെടുത്തത് (നോക്കുക 1 ദിനവൃത്താന്തം 22:1; 2 ദിനവൃത്താന്തം 3:1) – എന്നാൽ ഇപ്പോൾ, ഒരു സത്യത്തെ മാത്രം നോക്കാം. വാസ്തവത്തിൽ മുതിർന്നവർ അവരുടെ ദൈവത്തെ ആരാധിക്കേണ്ട ആവശ്യത്തെ അല്ലെങ്കിൽ ആഗ്രഹത്തെ വിട്ടുകളയുകയില്ല.

ചില സന്ദർഭത്തിൽ, ചില യുവാക്കൾ വിചാരിക്കുന്നു, "ഞാൻ പ്രായപൂർത്തിയായി അപ്പന്റെയും അമ്മയുടെയും കീഴിൽ നിന്ന് സ്വതന്ത്രമായി തീരുവാൻ തക്ക പ്രാപ്തനായാൽ എത്ര സന്തോഷമുള്ള കാര്യമാണ്. ആഴ്ച്ചയിൽ-മൂന്ന്-സേവനങ്ങൾ എന്ന വിഡ്ഢിത്തമായ രീതി അന്നവസാനിക്കും. ഏതൊരാൾക്കും ആഴ്ച്ചയിൽ ഒന്നു മതിയാകും." അത്തരം ചിന്തകൾ നിങ്ങളുടെ ഉള്ളിലൂടെ എപ്പോഴെങ്കിലും കടന്നുപോയിട്ടുണ്ടെങ്കിൽ, കർത്താവിൽ പക്വത നേടിയവരെയും കർത്താവിനോടുകൂടെ നടക്കുന്നവരെയും നോക്കികൊൾക. അവരെ ആരേയും ആരാധനയിൽ പങ്കെടുക്കുവാൻ നിർബന്ധിക്കേണ്ട ആവശ്യമില്ല. അവർ അങ്ങനെ ചെയ്യുവാനുള്ള കാരണം ആരാധന അവർക്കു അത്ര വിലയുള്ളതാണ് – അതിന്റെ വില ഓരോ ദിവസവും കൂടിവരുകയും ചെയ്യുന്നു.

**ഉപസംഹാരം**

നാം ചെയ്യുവാൻ ഒരുങ്ങിയതെല്ലാം ചെയ്തിരിക്കുന്നുവെന്ന് എനിക്കു തോന്നുന്നു:

(1) പഴയ നിയമം "നമ്മുടെ ബുദ്ധി ഉപദേശത്തിനായി" ഉപയോഗിക്കുക.

(2) വിട്ടുകളയാതിരിക്കുവാനും നിലനില്ക്കേണ്ടതിനും നമ്മെ "തുടരുവാൻ," നിർബന്ധിക്കേണ്ടതിനും പഴയ നിയമം ഉപയോഗിക്കുക.

(3) പഴയ നിയമം നമ്മെ ആശ്വസിപ്പിക്കുന്നതിനും "ഉത്തേജിപ്പിക്കുന്നതിനും" ഉപയോഗിക്കുക. *നിങ്ങളുടെ* പാപം എന്തായാലും കാര്യമില്ല, നിങ്ങൾ മാനസാന്തരപ്പെട്ട് ദൈവേഷ്ടം ചെയ്യുമെങ്കിൽ ദൈവ ത്തിന് അതു ക്ഷമിക്കുവാൻ കഴിയും.

(4) നമ്മുടെ "പ്രത്യാശ" വർദ്ധിപ്പിക്കുവാൻ പഴയ നിയമം ഉപയോഗിക്കുക. നിങ്ങൾ പൂർണ്ണരല്ലെങ്കിൽ പോലും, നിങ്ങൾക്ക് ദൈവത്തിനു ബോധിച്ച ഹൃദയമുള്ള, ഒരു പുരുഷനോ സ്ത്രീയോ, ആൺകുട്ടിയോ പെൺകുട്ടിയോ ആകാൻ കഴിയും. നിങ്ങളുടെ ഹൃദയം ദൈവത്തോടു യോജിച്ചിരുന്നാൽ, സ്വർഗ്ഗീയ പ്രത്യാശ നിങ്ങളുടേതായി തീരും!

ഇതാണ് മുതിർന്നവർക്കുള്ള നമ്മുടെ കഥ. "പണ്ടൊരിക്കൽ," എന്നു നാം ആരംഭിച്ചതുകൊണ്ട്, അത് "അങ്ങനെ അവർ സന്തോഷകരമായി എന്നേക്കും ജീവിച്ചു" എന്ന് അവസാനിപ്പിക്കേണ്ടതുണ്ട്. യഹോവ ദാവീദിനോടു ക്ഷമി

ച്ചതുകൊണ്ട് കഥയ്ക്കു സന്തോഷകരമായ അവസാനം *ഉണ്ടായി.* ദൈവം ആഗ്രഹിക്കുന്നതുപോലെയാണ് നിങ്ങളുടെ ജീവിതം എന്ന കാര്യം ഉറപ്പാണെങ്കിൽ നിങ്ങൾക്കും സന്തോഷപര്യവസാനമായ ഒരു ജീവിതം ഉണ്ടാകും.

---

കുറിപ്പുകൾ

[1]പാപം ഉൾപ്പെട്ടിരുന്നു എന്നു ഭക്തിരഹിതനായ യോവാബിനു പോലും തോന്നി എന്ന വസ്തുത (1 ദിനവൃത്താന്തം 21:3) ദാവീദിന്റെ തലയിൽ നിന്ന് ആ ചിന്ത മാറ്റിയിരിക്കാം – എന്നാൽ അങ്ങനെയുണ്ടായില്ല. യഥാർത്ഥത്തിൽ യോവാബിന്റെ എതിർപ്പ് അസ്പഷ്ടമായിരുന്നു. ജോൺ വില്ലിസ് ഇങ്ങനെ പറയുമ്പോൾ ഒരുപക്ഷെ അതു ശരിയാകാം, "യോവാബ് ശരിയായ തീരുമാനമാണ് എടുത്തത്, എന്നാൽ അതു തെറ്റായ കാരണങ്ങൾക്കായിരുന്നു" (*ഒന്നും രണ്ടും ശമുവേൽ* [അബിലിൻ, ടെക്സ്.: ഏസിയു പ്രെസ്, 1987], 411, 412). [2]"[ദാവീദ്] തന്റെ ദൃഷ്ടിയിൽ താൻ മഹാനാണെന്ന് മന്ത്രിച്ച സാത്താനെ ശ്രദ്ധിക്കുന്നു" (എൽ. അലെൻ, *ദ കമ്യൂണിക്കേറ്റേഴ്സ് കമെന്ററി: 1, 2 ദിനവൃത്താന്തങ്ങൾ* [വാക്കോ, ടെക്സ്.: വേഡ് ബുക്സ്, 1987], 140). [3]എൻകെജെവിയിൽ ഉള്ളത് "ദാവീദിന്റെ ഹൃദയം അവനെ കുറ്റപ്പെടുത്തി" എന്നാണ്. [4]ആ സംഭവം നടന്നത് എപ്പോഴാണെന്ന് നമുക്കറിയാത്തതുകൊണ്ട്, "യഹോവയുടെ കോപം ജനത്തിന്റെ മേൽ വരുവാൻ" അവർ എന്താണു ചെയ്തതെന്നു നമുക്കറിയില്ല. അബ്ശാലോമിനെ സംബന്ധിച്ചുള്ള മത്സരത്തിൽ അവർക്കുള്ള സഹകരണമോ, അല്ലെങ്കിൽ രേഖപ്പെടുത്താത്ത എന്തെങ്കിലും ദേശീയമായ കുറവോ, അങ്ങനെ നമുക്കറിയാവുന്ന മറ്റെന്തെങ്കിലും ആകാം അത്. [5]ഇതു തുറന്ന സമ്മതത്തിന്റെ സാധാര രീതിയായിരുന്നു. അരവ്നാ പ്രതിഫലമൊന്നും പ്രതീക്ഷിച്ചില്ല എന്ന് അതിൽനിന്ന് അർത്ഥമാക്കരുത്. [6]മെതിവണ്ടി ഭാരമുള്ള പരന്ന പലകകൾ കൊണ്ടു നിർമ്മിച്ചതും, ഇരുമ്പു താഴെ വശങ്ങളിലായി തള്ളി നില്ക്കുന്നതുമായ ഒന്നായിരുന്നു.